Draft #4 of File 36796/EI 37-3/2021/CE SECT 1 Approved by DEPUTY REGISTRAR VI (EXAM) on 27-Aug-2021 01:52 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

**പരീക്ഷാ വിഭാഗം ഐ 37 സെക്ഷൻ**

നമ്പർ. 4215/EI 37/2021/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 27.08.2021

*പരാമർശം:*-1 ) കാണക്കാരി സി എസ് ഐ കോളേജിലെ 2017 -2022 ബാച്ചിലെ ബി കോം എൽ എൽ ബി വിദ്യാർത്ഥികളായ അർജ്ജുൻ എസ് പ്രകാശും മറ്റു നാല്പത്തിയാറു വിദ്യാർത്ഥികളും കയ്യൊപ്പു സഹിതം സമർപ്പിച്ച പരാതി

2 ) അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ബി കോം എൽ എൽ ബി (H ) ഡിസംബർ 2020 പരീക്ഷാബോർഡ് ചെയർ പേഴ്സണിന്റെ 30/ 03/ 2021 ലെ കത്ത്

3 )മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III , വകുപ്പ് 10 (17 ) പ്രകാരമുള്ളബഹു: വൈസ് ചാൻസലറുടെ 26/08/ 2021 ലെ ഉത്തരവ്

**<u>ഉത്തരവ്</u>**

29/ 01/ 2021 ൽ നടന്ന അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ബി കോം എൽ എൽ ബി (ഹോണേഴ്സ്) പരീക്ഷയിലെ FL-13 കോൺസ്റ്റിട്യൂഷണൽ ലോ I എന്ന വിഷയത്തിന്റെ ചോദ്യപേപ്പറിൽ ബഹുഭൂരിപക്ഷം ചോദ്യങ്ങളും സിലബസിനു പുറത്തുനിന്നുള്ളതാണെന്നും ആറാം സെമെസ്റ്ററിലെ കോൺസ്റ്റിട്യൂഷണൽ ലോ II എന്ന വിഷയത്തിന്റെ സിലബസുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് അഞ്ചാം സെമെസ്റ്ററിലെ പരീക്ഷയിൽ ഉൾപ്പെട്ടിരുന്നതെന്നും ടി പരീക്ഷയുടെ സിലബസിനു പുറത്തുനിന്നും വന്നിട്ടുള്ള എല്ലാ ചോദ്യങ്ങൾക്കും ഉചിതമായ മാർക്ക് നൽകണമെന്നും അപേക്ഷിച്ചുകൊണ്ട് പരാമർശം(1)പ്രകാരം പരാതി സമർപ്പിച്ചിരുന്നു.

മേൽ പരാതിയിന്മേൽ അഭിപ്രായം ആരാഞ്ഞുകൊണ്ട് അഞ്ചാം സെമസ്റ്റർ ബികോം/ ബി എ /ബി ബി എ എൽ എൽ ബി, ബി എ ക്രിമിനോളജി (ഹോണേഴ്സ്) ഡിസംബർ 2020 പരീക്ഷാ ബോർഡ് ചെയർപേഴ്സണിന് കത്ത് അയക്കുകയും പരാമർശം (2) പ്രകാരം ലഭ്യമാക്കിയ കത്തിൽ പാർട്ട്-സി ചോദ്യം നമ്പർ 13, പാർട്ട്- എ ചോദ്യം നമ്പർ 6 എന്നീ ചോദ്യങ്ങൾ ഒഴികെ മറ്റെല്ലാ ചോദ്യങ്ങളും സിലബസിനു പുറത്തു നിന്നും ആയിരുന്നുവെന്നും, എല്ലാ വിദ്യാർത്ഥികൾക്കും മുഴുവൻ മാർക്കും നൽകുന്നത് ന്യായമല്ലെന്നും അനാവശ്യ വിവാദങ്ങൾ ഒഴിവാക്കാനും നന്നായി പരിശ്രമിക്കുന്ന വിദ്യാർത്ഥികൾക്ക് ന്യായവും നീതിയും ഉറപ്പുവരുത്തുവാനും വേണ്ടി 29/01/2021 ന നടത്തിയ പരീക്ഷയായ അഞ്ചാം സെമസ്റ്റർ ഡിസംബർ-2020, പഞ്ചവത്സര ബി എ (ക്രിമിനോളജി) എൽ എൽ ബി (ഹോണേഴ്സ്), ബി എ എൽ എൽ ബി, ബി ബി എ എൽ എൽ ബി ( ഹോണേഴ്സ് ) ബി കോം എൽ എൽ ബി ( ഹോണേഴ്സ്) (2017 അഡ്മിഷൻ - റെഗുലർ & Prior to 2017 admissions - സപ്ലിമെന്ററി) FL -13 "കോൺസ്റ്റിട്യൂഷണൽ ലോ I "( QP CODE - F 7550 ) റദ്ദ് ചെയ്ത് പുനഃ പരീക്ഷ നടത്തുന്നതിനും ശുപാർശ ചെയ്തിരുന്നു. ടി നിർദ്ദേശം പരാമർശം (3) പ്രകാരം മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരമുള്ള

അധികാരം ഉപയോഗപ്പെടുത്തി ബഹു:വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിന്ദു കുമാരി കെ

ഡപ്യൂട്ടി രജിസ്ട്രാർ 6 (പരീക്ഷ)

പകർപ്പ്

1)പ്രിൻസിപ്പാൾ ,എല്ലാ ലോ കോളേജുകൾ

2)വൈസ് ചാൻസിലറുടെ / പ്രൊ വൈസ് ചാൻസിലറുടെ പി എസ്സുമാർ

3)രജിസ്ട്രാറുടെ / പരീക്ഷാ കോൺട്രോളറുടെ പി എ മാർ

4)ജെ ആർ IV / ഡി ആർ VI / എ ആർ 22( പരീക്ഷ )

5)എ ആർ 11 (പരീക്ഷ )

6)എ ആർ 21 (പരീക്ഷ )

7)എ ആർ 18 (പരീക്ഷ )

8)ഇ ബി 2/ ഇ ബി 6 / ഇ എ 1 സെക്ഷനുകൾ

9)എ സി സി കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ

10)റെക്കോർഡ് സെക്ഷൻ / ഫയൽ കോപ്പി / സ്റ്റോക്ക് ഫയൽ

Draft #4 of File 36796/EI 37-3/2021/CE SECT 1 Approved by DEPUTY REGISTRAR VI (EXAM) on 27-Aug-2021 01:52 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം